(സി) ഏറ്റവും കുറഞ്ഞ ടെണ്ടർകാരൻ ഏതു ജാതിക്കാരനാണു്; അയാളെതന്നെയാണൊ പണി ഏല്പിച്ചതു് ?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ഏറ്റവും കുറഞ്ഞ ടെണ്ടർ തുക മിസ്റ്റർ സി. ഇ. രാമൻനേറതായിരുന്നു. ടെണ്ടർ തുക ക. ഉ ൧,൫൫൫.

(സി) മിസ്റ്റർ രാമൻ ഈഴവനാണു്. അയാളെയല്ല പണി ഏല്പിച്ചതു്.

RAILWAY LANDS CHALAKUDI—DETAILS REGARDING

517. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ചാലക്കുടി വിജയരാഘവപുരം കോളനിക്കു് പടിഞ്ഞാറുവശമുള്ള റെയിൽ വെ ബി. ക്ലാസ്സു് ഭൂമികൾ ഇപ്പോൾ ആരുടെ കൈവശത്തിലാണു് ;

(ബി) അവ കൈവശംവെച്ചിരിക്കുന്നതു് റവന്യു ഡിപ്പാർട്ടുമെണ്ടിന്റെ അനുവാദത്തോടുകൂടിയാണൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി:

(എ) ടി സ്ഥലം ഇപ്പോൾ

൧. കളപ്പുരക്കൽ ലോന പൊറിഞ്ചു.

൨. വടക്കെ പീടിക പൈലോതു മക്കൾ ഇട്ടൂച്ചൻ, കുരിയ.

൩. മാങ്ങലത്തു് വേലായുധൻ.

൪. കോളനി പറയൻ ചെറിയാൻ മകൻ ശാമൻ മുണ്ടൻ.

൫. പാലത്തിങ്കൽ ചുമ്മാരു അന്തോണി.

൬. മൂടത്തു അന്തോണി ഒസേപ്പു് ഇവരുടെ കയ്യേറ്റത്തിലാണു്.

(ബി) കക്ഷികൾ കൈവശം വെച്ചിരിക്കുന്നതു് റവന്യു ഡിപ്പാർട്ടുമെണ്ടിന്റെ അനുവാദത്തോടുകൂടിയല്ല. ഇവരുടെ പേരിൽ കയ്യേറ്റനടപടികൾ എടുത്തുവരുന്നുണ്ടു്.

AREA UNDER THE JURISDICTION OF THE COCHIN PORT AUTHORITY

518. ചൌധരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചി ഗവണ്മെണ്ടുവക തുറമുഖാധികാരിയുടെ നിയന്ത്രണത്തിലിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര;

(ബി) അതിനു ഗവർമ്മെണ്ടിനു വല്ല ആദായവും കിട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര?

റാവുസാഹിബു് എ. മാധവപ്രഭു:

(എ) ൧ ൧ ൪ ഏക്കു് ൫ സെന്റു്.

(ബി) ഈ സംഗതി എഴുത്തുകുത്തിൽ ഇരിക്കയാണു്.

DEPRESSED CLASS STUDENTS IN THE COLLEGES OF THE STATE

519. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) സ്റ്റേറിലെ കോളേജുകളിൽ ഓരോന്നിലും എത്ര അധഃകൃത വിദ്യാർത്ഥികൾ വീതം ഉണ്ടു്;

(ബി) ഓരോ കോളേജിലുമുള്ള ഓരോ ക്ലാസ്സിലും എത്ര അധഃകൃത വിദ്യാർത്ഥികൾ വീതമാണുള്ളതു്;

(സി) അവരിൽ ആൺകുട്ടികൾ എത്ര; പെൺകുട്ടികൾ എത്ര;

(ഡി) അവരിൽ തോറ്റ കുട്ടികൾ എത്ര;

(ഇ) തോറ്റ കുട്ടികൾക്കു് വല്ല സൌജന്യവും ഗവണ്മെണ്ടു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) & (ബി) പട്ടിക നോക്കുക.

LIBRARY ARCHIVES Kerala Legislative Assembly